**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3299** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഉപ്പള ഫയർ സ്റ്റേഷൻ, സീതാംഗോളി ഐ.ടി.ഐ എന്നിവയുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2023-24 ബജറ്റിൽ ഉൾപ്പെട്ട ഉപ്പള ഫയർ സ്റ്റേഷൻ, സീതാംഗോളി ഐ.ടി.ഐ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | **1. ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം**<br><br>**ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന 90 സെന്റ് സ്ഥലം തടസ്സരഹിതമായി 29/12/2023 തീയതിയിലെ ജോയിന്റ് ഇൻസ്പെക്ഷൻ പ്രകാരം അളന്ന് തിട്ടപ്പെടുത്തി വില്ലേജ് സ്കെച്ച് 20/01/2024 തീയതിയിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 2023-24 ബഡ്ജറ്റ് അനുബന്ധം \|\| വാല്യം 11 ൽ 2827 ക്രമനമ്പർ പ്രകാരം 30 ലക്ഷം രൂപ ഉൾപ്പെട്ടിട്ടുണ്ട് ടി Proposal നുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കിവരുകയാണ്. Proposal സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ചുറ്റുമതിലും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും കുഴൽകിണറിനായി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക്, ആയവ ഒന്നാം ഘട്ടമായി ചെയ്ത് തീർക്കുവാൻ സാധിക്കുന്നതാണ്.**<br>**2. ഐ.ടി.ഐ, സീതാംഗോളി കെട്ടിട നിർമ്മാണം**<br>**ഗവൺമെന്റ് ഐ.ടി.ഐ സീതാംഗോളി നിർമ്മിക്കുന്നതിനായി 2023-24- വർഷത്തെ ബജറ്റ് വിഹിതത്തിൽ പ്രഖ്യാപിച്ച ഒരു കോടി രൂപ അടങ്കൽ തുകയായി നിജപ്പെടുത്തിക്കൊണ്ട് ഐ.ടി.ഐ അധികൃതരുടെ നിർദ്ദേശപ്രകാരം രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, ഭരണാനുമതിയ്ക്കായി പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി വൈകുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഉപ്പള ഫയർസ്റ്റേഷൻ നിർമ്മാണസ്ഥലത്തിന്റെ അതിർത്തി നിർണ്ണയം ചെയ്ത സ്കെച്ചും പ്ലാനും വില്ലേജ് ഓഫീസിൽ നിന്ന് 20/01/2024 തീയതിയിലാണ് കെട്ടിട വിഭാഗം കാര്യാലയത്തിൽ ലഭിച്ചത്. ആയത് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രകാരം ഐ.ടി.ഐ സീതാംഗോളിക്ക്, നിലവിലെ കെട്ടിടത്തിന്റെ മുകളിൽ ഫസ്റ്റ് ഫ്ലോർ നിർമ്മിക്കുന്നതിനായി രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കിവരികയായിരുന്നു. എന്നാൽ ടി നിർമ്മാണത്തിന് KDP ഫണ്ട് ലഭ്യമായതിനെ തുടർന്ന് **ബഡ്ജറ്റ് പ്രവൃത്തിയ്ക്കായി ഭരണാനുമതി ലഭിക്കുന്നതിന് പുതിയ സ്ഥലം കണ്ടെത്തുകയും ആയതിന്**<br>**ഐ.ടി.ഐ അധികൃതരുടെ നിർദ്ദേശ പ്രകാരം രൂപരേഖ തയ്യാറാക്കി വരുകയും ചെയ്യുന്നു.**<br>**നിലവിൽ രണ്ട് പദ്ധതികൾക്കും ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റും രൂപരേഖയും തയ്യാറാക്കി വരുന്നു.** |
| (സി) | ടി പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | പ്രവൃത്തികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ